## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 118 29.09.2011 ൽ മറുപടിക്ക്

**സ്കൂളുകളിൽ പി.ടി.എ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയിഡഡ് ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും നിർബന്ധമായും പി.ടി.എ രൂപീകരിക്കണമെന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ നിർദ്ദേശം ബഹുഭൂരിപക്ഷം സി.ബി.എസ്.ഇ സ്കൂളുകളും നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ സ്കൂളുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നേരിട്ട് നിയന്ത്രണമില്ലാത്ത സ്കൂളുകളാണ്. അവ പി.ടി.എ രൂപീകരിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) പി.ടി.എ രൂപീകരിക്കാത്തത്, സ്കൂൾ മാനേജ്മെന്റുകൾക്ക് യഥേഷ്ടം അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും പണം പിരിക്കുന്നതിനും സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസന ആവശ്യങ്ങൾ നിർവ്വഹിക്കാതിരിക്കുന്നതിനും സാഹചര്യമൊരുക്കുന്നതായി കരുതുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ? | സി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ്/എയിഡഡ് സ്ക്കൂളുകളിൽ , പി.റ്റി.എ. രൂപീകരിയ്ക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പി.ടി.എ. രൂപീകരിയ്ക്കാത്തത് മാനേജ്മെന്റുകൾക്ക് യഥേഷ്ടം വിദ്യാർത്ഥി പ്രവേശനത്തിന് പണം പിരിയ്ക്കുന്നതിനുള്ള അവസരം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.ബി.എസ്.ഇ. സ്ക്കൂളുകളിൽ ഇപ്രകാരം പി.റ്റി.എ രൂപീകരിയ്ക്കാത്തതും അമിത ഫീസ് ഈടാക്കുന്നതും സംബന്ധിച്ച പരാതികൾ ലഭിയ്ക്കാറുണ്ട്. വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള സ്ക്കൂളുകളല്ലാത്തതിനാൽ ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കാൻ കഴിയുകയില്ല.

(signature)

സെക്ഷൻ ഓഫീസർ